# കേരള വോളി ലീഗ് അടുത്ത വർഷം

**കൊച്ചി:** ഇന്ത്യൻ പ്രിമിയർ ലീഗ് മാതൃകയിലുള്ള കേരള വോളിബോൾ ലീഗിന് അടുത്ത വർഷം തുടക്കം. കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷനും സ്പോർട്സ് കൺസൾട്ടും സംയുക്തമായി സംഘടിപ്പിക്കുന്ന ലീഗിന്റെ ആദ്യപതിപ്പ് ഫെബ്രുവരി 20 മുതൽ 28 വരെ കോഴിക്കോട്ട് അരങ്ങേറും. സൂപ്പർതാരം മമ്മൂട്ടിയാണ് കെവിഎല്ലിന്റെ ബ്രാൻഡ് അംബാസഡർ.

ആറു ടീമുകളാകും ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുകയെന്ന് സ്പോർട്സ് കൺസൾട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജിതേന്ദ്ര ജോഷിയും വോളിബോൾ അസോസിയേഷൻ പ്രസിഡന്റ് ചാർളി ജേക്കബും കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ലേലത്തിൽ കൂടുതൽ തുക മുടക്കുന്നവർക്ക് ടീമിന്റെ ഉടമസ്ഥാവകാശം നേടാം. കേരളത്തിന് അകത്തും പുറത്തുമുള്ള പ്രൊഫഷണൽ താരങ്ങളും ജൂനിയർ താരങ്ങളും ഉൾപ്പെടുന്നതാകും ടീമുകൾ. റൗണ്ട് റോബിൻ അടിസ്ഥാനത്തിലാകും മത്സരങ്ങൾ.

ഇന്ത്യൻ വോളിബോളിന്റെ നിലവാരം ഉയർത്തുന്നതിൽ കെവിഎല്ലിന് നിർണായക പങ്കുവഹിക്കാനാകുമെന്ന് ജിതേന്ദ്ര ജോഷി പറഞ്ഞു. വോളിബോളിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ കെവിഎൽ സഹായിക്കുമെന്ന് ചാർളി ജേക്കബ് പ്രതീക്ഷ പ്രകടിപ്പിച്ചു.